# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1140  11.06.2019 ൽ മറുപടിക്ക്

### ദേശീയ പാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ദേശീയ പാത വികസനത്തിന് സ്ഥലമെടുപ്പ് നടപടി നിർത്തിവയ്ക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെയും ഉന്നതതല യോഗം നിർദ്ദേശിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു;വ്യക്തമാക്കുമോ; | എ) സംസ്ഥാന സർക്കാരിന് നേരിട്ട് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ NHAI ഹെഡ്ക്വാർട്ടേഴ്‌സിൽ നിന്നും 02.05.2019-ന് റീജിയണൽ ഓഫീസർമാർക്ക് ദേശീയപാത വികസനത്തിനുള്ള പ്രോജക്ടുകളെ മുൻഗണനാക്രമം നിശ്ചയിച്ച് രണ്ട് വിഭാഗമാക്കി തിരിച്ചു കൊണ്ടും, അതിൽ രണ്ടാം വിഭാഗത്തിൽ ഉൾപ്പെടുന്നവയുടെ ലാന്റ് അക്വിസിഷൻ നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ തീരുമാനം പുന:പരിശോധിക്കാനാവശ്യപ്പെട്ടുകൊണ്ട് ബഹു.മുഖ്യമന്ത്രിയും, പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്രമന്ത്രിക്കും, NHAI യ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്. |
| ബി) കാസർഗോഡ് ജില്ലയിൽ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം പദ്ധതികൾ നിലവിൽ കേന്ദ്ര സർക്കാർ ആദ്യ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും; | ബി) കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം പദ്ധതികൾ നിലവിൽ കേന്ദ്ര സർക്കാർ ഒന്നാം മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ NHAI ഹെഡ്ക്വാർട്ടേഴ്‌സ് ഇതുവരെ അനുമതി നൽകിയിട്ടില്ല. ഒരു വർഷത്തിലധികമായി MoRTH /NHAI യിൽ ഈ അനുമതിക്കായി കാത്തുകിടക്കുകയാണ്. ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സി) ദേശീയ പാത വികസനത്തിൽ സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഇടപെടൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രാഷ്ട്രീയ കക്ഷിയുടേതെന്ന് വെളിപ്പെടുത്തുമോ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡി) കേന്ദ്രത്തിന്റെ നിലപാട് തിരുത്തി ദേശീയ പാത വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡി) ദേശീയപാത വികസനത്തിന്റെ മുൻഗണനാ പട്ടികയിൽ നിന്ന് സംസ്ഥാനത്തെ ഭൂരിഭാഗം റീച്ചുകളും ഒഴിവാക്കിയത് സംബന്ധിച്ച് 13.05.2019ന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എൻ.എച്ച്.എ.ഐ ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ 02.05.2019ൽ എൻ.എച്ച്.എ.ഐ പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ ചെറിയ ഭേദഗതി വരുത്തുകയും, കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടതില്ലെന്നും, ഭൂമിയെടുപ്പിന്റെ പുരോഗതി അറിയിക്കുന്നതനുസരിച്ച് NHAI ഹെഡ്ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് വിധേയമായി പ്രവൃത്തിയുടെ തുടർനടപടി സ്വീകരിക്കുന്നതാണെന്ന ഭേദഗതിയാണ് മുൻനിർദ്ദേശത്തിൽ വരുത്തിയത്. രണ്ടു വിഭാഗങ്ങളായി മുൻഗണനാക്രമം നിശ്ചയിച്ചതിൽ ഒരു മാറ്റവും NHAI ഇന്നു വരെ വരുത്തിയിട്ടില്ല. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് വ്യത്യസ്ത റീച്ചുകളിലായി ടെണ്ടർ ക്ഷണിച്ച് എൻ.എച്ച്.എ.ഐ പ്രവൃത്തി ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ